# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2447** **12.03.2020 ലെ മറുപടി**

### കൊവ്വൽ-കൊപ്പൽ-കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവായിട്ടുണ്ട്; വിശദമാക്കാമോ; | (ബി) അനുവദിച്ച തുകയിൽനിന്ന് 27,50,000/- രൂപ ചെലവായിട്ടുണ്ട്. |
| (സി) ബാക്കിയുള്ള തുകയ്ക്ക് സർക്കാർ ഉത്തരവിൽപ്പെടാത്തതും എന്നാൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളുമായ ഉദുമ നിയോജകമണ്ഡലത്തിലെ കൊവ്വൽ-കൊപ്പൽ-കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന ജില്ലാ മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ശിപാർശയിൽ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. ഉദുമ നിയോജകമണ്ഡലത്തിലെ കൊവ്വൽ-കൊപ്പൽ-കാപ്പിൽ പ്രദേശത്ത് ജിയോബാഗ് സ്ഥാപിക്കുന്നതിന് രണ്ട് പ്രവൃത്തികൾക്കായി മൊത്തം 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ